II ഇ.ബി. XIII- കേരള നിയമസഭ/XIV-14

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂലൈ 21, ചൊവ്വ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

35 (T*421) കാർഷിക വായ്പയ്ക്കുള്ള പലിശയിളവ്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) നൽകിയ മറുപടിയിൽ, ഹ്രസ്വകാല കാർഷിക വായ്പകൾക്കുള്ള പലിശ സബ്‌വെൻഷൻ നിലവിലെ നടപടിക്രമങ്ങളിൽ മാറ്റമില്ലാതെ 31-07-2015 വരെ നീട്ടിനൽകുന്നതിന് കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ടെന്നും പദ്ധതിയുടെ തുടർ നടത്തിപ്പിനായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിവരികയാണെന്നും സഭയെ അറിയിച്ചു. കിസാൻ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ബാങ്കുകളിൽ നിന്നും മൂന്ന് ലക്ഷം രൂപവരെ ഹ്രസ്വകാല വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൃഷി വകുപ്പിന്റെ അഗ്രി കാർഡ് മുഖാന്തിരവും ഹ്രസ്വകാല വായ്പ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഹ്രസ്വകാല കാർഷിക വായ്പയ്ക്കുള്ള പലിശ സബ്‌വെൻഷൻ കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കുന്ന പക്ഷം വായ്പാ തുക കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് നാല് ശതമാനം പലിശയിളവ് നൽകുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ദീർഘകാല കാർഷിക വായ്പകൾക്കുകൂടി ഇന്ററസ്റ്റ് സബ്‌വെൻഷൻ അനുവദിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിവരികയാണ്. കാർഷിക വായ്പയുടെ ആനുകൂല്യം ദുരുപയോഗം ചെയ്യുന്നവരെ കണ്ടെത്തി അവരെ കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. 2013-14-ൽ സംസ്ഥാനത്തെ കാർഷിക മേഖല 5.62% വളർച്ച കൈവരിച്ചിട്ടുണ്ട്. കാർഷിക കടാശ്വാസ കമ്മീഷന്റെ കാലാവധി മൂന്നുവർഷത്തേയ്ക്കുകൂടി നീട്ടിയ സാഹചര്യത്തിൽ കർഷകർക്ക് തുടർന്നും അപേക്ഷ നൽകാവുന്നതാണ്. കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരത്തുക വെട്ടിക്കുറച്ചത് പുനഃസ്ഥാപിക്കുന്നതിന് കേന്ദ്ര ഗവണമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

36 (*422) <u>മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. സി. ജോസഫ്</u>) നൽകിയ മറുപടിയിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1 ഖണ്ഡിക 4(3) പ്രകാരം പ്രകടമല്ലാത്തതും, അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതും ആവർത്തന സ്വഭാവമുള്ളതും ഒഴികെയുള്ള പ്രവൃത്തികൾ മാത്രമേ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂവെന്ന് സഭയെ അറിയിച്ചു. ഒരു ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ അടങ്കൽ തുകയുടെ 60 ശതമാനത്തിൽ കുറയാത്ത തുക കാർഷിക/അനുബന്ധ മേഖലയിൽ വിനിയോഗിക്കണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശം നിലവിലുണ്ട്. എം. മുരളി കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ നെൽകൃഷി, പച്ചക്കറി കൃഷി, ഇടവിള കൃഷി, വാഴകൃഷി, ഹ്രസ്വകാല പഴകൃഷി, പുഷ്പ-ഔഷധ സസ്യകൃഷി എന്നിവ പാട്ടകൃഷി വ്യവസ്ഥയിൽ ഏറ്റെടുക്കുന്നതിന് തൊഴിലാളി ഗ്രൂപ്പുകൾക്ക് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കുളങ്ങളുടെയും കായലുകളുടെയും സംരക്ഷണംകൂടി തൊഴിലാളി ഗ്രൂപ്പുകളെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഖാദി, കയർ, മത്സ്യ മേഖലകളെയും കന്നുകാലി വളർത്തലിനെയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര

ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിവരികയാണ്. കനാലുകളുടെ നവീകരണവും ചെറിയ പാലങ്ങളുടെയും തോടുകളുടെയും നിർമ്മാണവും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് 100 ദിവസം ജോലി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സ്പോട്ട് വേരിഫിക്കേഷൻ വേഗത്തിലാക്കി നിയമത്തിൽ അനുശാസിക്കുന്ന കാലാവധിക്കുള്ളിൽ കൂലി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ ലഭിച്ചവരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം കൂടുതൽ വേതനം നൽകുന്ന മൂന്ന് സംസ്ഥാനങ്ങളിലൊന്ന് കേരളമാണെന്നും സംസ്ഥാനത്തെ തൊഴിലാളികളിൽ ഭൂരിഭാഗവും സ്ത്രീകളായതിനാൽ തൊഴിൽ സമയം 9.00 മുതൽ 4.00 മണി വരെയാക്കി പുനഃക്രമീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

37 (*423) <u>കെട്ടിട നിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ്</u>

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി</u>

അലി) നൽകിയ മറുപടിയിൽ, നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി കൃത്യതയോടെയും കാര്യക്ഷമതയോടെയും സമയബന്ധിതമായും കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുകയെന്ന ലക്ഷ്യത്തോടെയാണ് ഓൺലൈൻ പെർമിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. ഫയൽ സ്റ്റാറ്റസ്, സൈറ്റ് വെരിഫിക്കേഷൻ തീയതി, പെർമിറ്റ് ഫീസ് തുടങ്ങിയ വിവരങ്ങൾ ഓൺലൈൻ അപേക്ഷകർക്ക് എസ്.എം.എസ്. ആയി ലഭിക്കുന്നുണ്ട്. ഓൺലൈൻ സംവിധാനം വഴി കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുന്നവർക്ക് കാലവിളംബമില്ലാതെ ഓൺലൈനായിത്തന്നെ ഒക്കുപ്പൻസി സർട്ടിഫിക്കറ്റും ലഭ്യമാക്കിവരുന്നുണ്ട്. അക്ഷയ കേന്ദ്രങ്ങൾ വഴിയും കെട്ടിട നിർമ്മാണ അപേക്ഷ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. സുരക്ഷാ മാനദണ്ഡങ്ങളിൽ വിട്ടുവീഴ്ച വരുത്താതെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് വരുത്തിയതിലൂടെ നിർമ്മാണ മേഖലയിലെ മാന്ദ്യം കുറഞ്ഞിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾക്കെതിരെ വിജിലൻസ് സ്ക്വാഡ് കർശന നടപടി സ്വീകരിക്കുകയും പിഴ ചുമത്തുകയും ചെയ്തുവരുന്നുണ്ട്. അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ നിബന്ധകൾക്ക് വിധേയമായി പിഴയൊടുക്കിക്കൊണ്ട് റെഗുലറൈസ് ചെയ്യുന്നതിനുള്ള കാലാവധി 2015 ഡിസംബർ 31 വരെ നീട്ടി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന്

സംസ്ഥാനത്തുടനീളം 2319 വൺഡേ പെർമിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അഴിമതി ശ്രദ്ധയിൽപ്പെടുന്ന പക്ഷം കർശന നടപടി സ്വീകരിക്കുന്നതാണ്. കെട്ടിട നിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ് സംവിധാനം നടപ്പിലാക്കിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനമെന്ന നിലയിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 4036 മുതൽ 4327 വരെയുള്ള ചോദ്യങ്ങളിൽ 64 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *